**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 473** **05-10-2021 - ൽ മറുപടിയ്ക്ക്**

**വിവാഹ മോചനം നേടിയവർ, അവിവാഹിതരായ സ്ത്രീകൾ എന്നിവർക്ക് പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവാഹമോചനം നേടിയവർ, അവിവാഹിതരായ സ്ത്രീകൾ എന്നിവർക്ക് പെൻഷൻ നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | വിവാഹ മോചനം നേടിയവർക്ക് നിലവിൽ വിധവാ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല. എന്നാൽ 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്ക് മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം പെൻഷൻ ലഭിക്കുന്നതാണ്. അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. 1. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്. 2. അപേക്ഷകൻ സർവ്വീസ് പെൻഷണർ/ കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്. (2000രൂപ വരെ എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകമല്ല. പ്രതിമാസം 4000 രൂപവരെ എക്സ്ഗ്രേഷ്യ പെൻഷൻ/എൻ.പി.എസ് പെൻഷൻ ലഭിക്കുന്നവർക്ക് ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ/ ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും). 3. അപേക്ഷകൻ ആദായനികുതി നൽകുന്ന വ്യക്തിയാകരുത്. 4. അപേക്ഷകന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്. (പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല). 5. 1000 സി.സി-യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള, ടാക്സിയല്ലാത്ത, നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസഡർ കാർ ഒഴികെ) സ്വന്തമായുള്ള വ്യക്തികളാകരുത്. 6. അപേക്ഷകൻ കേന്ദ്ര സർക്കാർ/മറ്റു സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം/പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുന്ന വ്യക്തിയാകരുത്. 7. അപേക്ഷകൻ കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുകയും ടി സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ/കുടുംബ |

| | | | |
|---|---|---|---|
| | | | പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തിയാകരുത്. 8. അപേക്ഷക 50 വയസ്സ് പൂർത്തിയാക്കിയിരിക്കണം. 9. അപേക്ഷക അവിവാഹിതയായിരിക്കണം. |
| (ബി) | പ്രസ്തുത വിഭാഗത്തിൽ പെടുന്നവർക്ക് പെൻഷൻ നൽകുന്നതിൽ പുതുതായി എന്തെങ്കിലും നിയന്ത്രണങ്ങൾ സർക്കാർ കൊണ്ടുവന്നിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | പുനർവിവാഹം നടത്തിയിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കുന്ന വിവാഹമോചിതർക്ക് വിധവാപെൻഷൻ നൽകേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വരുമാനമില്ലാതെ പ്രയാസപ്പെടുന്ന ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് പെൻഷൻ നൽകുന്നതിൽ നിലവിലുള്ള തടസ്സങ്ങൾ നീക്കാൻ നടപടികൾ സ്വീകരിക്കാമോ? | (സി) | നിയമപരമായി വിവാഹമോചനം നേടിയവരെ വിധവയായി കണക്കാക്കാൻ കഴിയില്ല. ആയതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. വിവാഹ മോചിതരായവർക്ക് പെൻഷൻ നൽകുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ